**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2310** **09-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ് പോകുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ് പോകുന്നത് തടയാൻ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അത് ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനമാണെന്നും പദ്ധതിക്കായി നീക്കിവെച്ച തുക എത്രയാണെന്നും നിലവിൽ പദ്ധതിയുടെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ് പോകുന്നത് തടയാൻ<br><br>വയനാട് ജില്ലയിലെ 23 പഞ്ചായത്തുകളും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ടി പഞ്ചായത്തുകളുടെ പദ്ധതി വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>യാത്രാ സൗകര്യത്തിന്റെ അപര്യാപ്തത മൂലം പട്ടികവർഗ്ഗ വിദ്യാർഥികൾ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ് പോകുന്നത് തടയുന്നതിനായി വാഹന സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് 5 ,00,000/- രൂപ വകയിരുത്തുകയും, 1,98,300/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് 5 ഗ്രാമപഞ്ചായത്തുകൾക്കായി 40,00,000/- രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും<br><br>ചെയ്തിട്ടുണ്ട്. പനമരം ബ്ലോക്ക് പഞ്ചായത്ത് 6,00,000/- രൂപ 5 ഗ്രാമപഞ്ചായത്തുകൾക്കായി വകയിരുത്തിയിട്ടുണ്ട്.<br><br>പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണ്. സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് 8,00,000/- രൂപ 4 |

| | | | | |
|---|---|---|---|---|
| | | | | ഗ്രാമപഞ്ചായത്തുകൾക്കായി വകയിരുത്തുകയും മുഴുവൻ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൽപ്പറ്റ നഗരസഭ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ് ടി വിഭാഗം കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയൽ<br><br>പദ്ധതിക്കായി 1,00,000/- രൂപയും യൂണിഫോമിനായി 4,90,000/- രൂപയും ഗോത്ര സാരഥി പദ്ധതിയ്ക്കായി 18,89,749/- രൂപയും<br><br>വകയിരുത്തിയിട്ടുണ്ട്.<br><br>മാനന്തവാടി നഗരസഭ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം ഇനത്തിൽ 13,00,000/- രൂപയും ഗോത്ര സാരഥി ഇനത്തിൽ 60,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>സുൽത്താൻ ബത്തേരി നഗരസഭ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണത്തിനായി 15,00,000/- രൂപയും ഗോത്ര സാരഥിയ്ക്കായി<br><br>42,00,000/- രൂപയും , ഫ്ളൈഹൈ പദ്ധതിയ്ക്കായി 4,05,000/- രൂപയും ഡ്രോപ്പ് ഔട്ട് ഫ്രീ നഗര സഭ പദ്ധതിയ്ക്കായി 4,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>വയനാട് ജില്ലാ പഞ്ചായത്ത് 2,05,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൽപ്പറ്റ ജി. വി.എച്ച്. എസ്.എസ് സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ് ടി വിഭാഗം കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് തടയൽ എന്ന പ്രവർത്തനത്തിന്റെ<br><br>ഭാഗമായി എൽ.പി, യു.പി വിഭാഗം കുട്ടികൾക്കായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു.<br><br>ക്യാമ്പുകളിൽ മോട്ടിവേഷൻ ക്ലാസുകൾ, കലാ പരിശീലനം എന്നിവ ഉൾപ്പെടുത്തിയിരുന്നു.<br><br>ഇതിന്റെ തുടർ പ്രവർത്തനമെന്ന നിലയിൽ എല്ലാ സ്കൂളുകളിലും കലാ കായിക പരിശീലനങ്ങൾ നടത്തി കൊണ്ടിരിക്കുന്നു.<br><br>പ്രഭാത ഭക്ഷണം , ഗോത്രജ്വാല , പട്ടിക വർഗ്ഗ യുവാക്കളടക്കം വിദ്യാർത്ഥികൾക്കും പ്രോത്സാഹന പരിപാടികൾ എന്നിവ ജില്ലാ<br><br>പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ട്. |
| | | | | |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ? | (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ് പോകുന്നത് തടയാൻ<br><br>വയനാട് ജില്ലയിലെ 23 പഞ്ചായത്തുകളും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ടി പഞ്ചായത്തുകളുടെ പദ്ധതി വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>യാത്രാ സൗകര്യത്തിന്റെ അപര്യാപ്തത മൂലം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞ് പോകുന്നത് തടയുന്നതിനായി വാഹന സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് 5 ,00,000/- രൂപ വകയിരുത്തുകയും, 1,98,300/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് 5 ഗ്രാമപഞ്ചായത്തുകൾക്കായി 40,00,000/- രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും<br><br>ചെയ്തിട്ടുണ്ട്. പനമരം ബ്ലോക്ക് പഞ്ചായത്ത് 6,00,000/- രൂപ 5 ഗ്രാമപഞ്ചായത്തുകൾക്കായി വകയിരുത്തിയിട്ടുണ്ട്.<br><br>പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണ്. സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് 8,00,000/- രൂപ 4 ഗ്രാമപഞ്ചായത്തുകൾക്കായി വകയിരുത്തുകയും മുഴുവൻ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൽപ്പറ്റ നഗരസഭ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ് ടി വിഭാഗം കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയൽ<br><br>പദ്ധതിക്കായി 1,00,000/- രൂപയും യൂണിഫോമിനായി 4,90,000/- രൂപയും ഗോത്ര സാരഥി പദ്ധതിയ്ക്കായി 18,89,749/- രൂപയും<br><br>വകയിരുത്തിയിട്ടുണ്ട്.<br><br>മാനന്തവാടി നഗരസഭ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം ഇനത്തിൽ 13,00,000/- രൂപയും ഗോത്ര സാരഥി ഇനത്തിൽ 60,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>സുൽത്താൻ ബത്തേരി നഗരസഭ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണത്തിനായി 15,00,000/- രൂപയും ഗോത്ര സാരഥിയ്ക്കായി |

| | | | |
|---|---|---|---|
| | | | 42,00,000/- രൂപയും , ഫ്ളൈഹൈ പദ്ധതിയ്ക്കായി 4,05,000/- രൂപയും ഡ്രോപ് ഔട്ട് ഫ്രീ നഗര സഭ പദ്ധതിയ്ക്കായി 4,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>വയനാട് ജില്ലാ പഞ്ചായത്ത് 2,05,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൽപ്പറ്റ ജി. വി.എച്ച്. എസ്.എസ് സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ് ടി വിഭാഗം കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് തടയൽ എന്ന പ്രവർത്തനത്തിന്റെ<br><br>ഭാഗമായി എൽ.പി, യു.പി വിഭാഗം കുട്ടികൾക്കായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു.<br><br>ക്യാമ്പുകളിൽ മോട്ടിവേഷൻ ക്ലാസുകൾ, കലാ പരിശീലനം എന്നിവ ഉൾപ്പടുത്തിയിരുന്നു.<br><br>ഇതിന്റെ തുടർ പ്രവർത്തനമെന്ന നിലയിൽ എല്ലാ സ്കൂളുകളിലും കലാ കായിക പരിശീലനങ്ങൾ നടത്തി കൊണ്ടിരിക്കുന്നു.<br><br>പ്രഭാത ഭക്ഷണം , ഗോത്രജ്വാല , പട്ടിക വർഗ്ഗ യുവാക്കളടക്കം വിദ്യാർത്ഥികൾക്കും പ്രോത്സാഹന പരിപാടികൾ എന്നിവ ജില്ലാ<br><br>പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ